**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2012** **29-09-2025 - ൽ മറുപടിയ്ക്ക്**

**ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ സമുച്ചയത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ സമുച്ചയങ്ങളും സ്മാരകങ്ങളും നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിന്റെ തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (എ) | തിരുവനന്തപുരത്ത് കാട്ടാക്കട നിയോജകമണ്ഡലത്തിൽ ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ സാംസ്കാരിക കേന്ദ്രവും തീയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിന് കാട്ടാക്കട താലൂക്കിൽ മാറനല്ലൂർ വില്ലേജിൽ 102.47 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനായി 20.06.2025-ലെ സ.ഉ.(സാധാ) നം. 1483/ 2025/RD പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി അർത്ഥന പത്രവും അലൈൻമെന്റ് സ്കെച്ചും സാംസ്കാരിക വകുപ്പ് ഡയറക്ടർ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ